**15 -ാം കേരള നിയമസഭ**

**7 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 202** **13-12-2022 - ൽ മറുപടിയ്ക്ക്**

**കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് സ്ഥലം ഏറ്റെടുക്കൽ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. സേവ്യർ ചിറ്റിലപ്പിള്ളി,<br>ശ്രീ. കെ. ജെ. മാക്സി,<br>ശ്രീ. എ. പ്രഭാകരൻ,<br>ശ്രീ എ. സി. മൊയ്തീൻ** | | **ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി)** | |
| (എ) | സംയോജിത ഉല്പാദന ക്ലസ്റ്റർ രൂപീകരിക്കുകയെന്ന ഉദ്ദേശത്തോടെ സ്ഥാപിക്കുന്ന കൊച്ചി-ബംഗളൂരു വ്യവസായ ഇടനാഴിക്ക് വേണ്ട സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി അറിയിക്കാമോ; | (എ) | കേന്ദ്ര വാണിജ്യ മന്ത്രാലയത്തിനു കിഴിലുള്ള National Industrial Corridor Development & Implementation Trust (NICDIT) -ന്റെ അംഗീകാരത്തോടുകൂടി നടപ്പിലാക്കിവരുന്ന പദ്ധതിയാണ് കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി. ഈ കോറിഡോറുമായി ബന്ധപ്പെട്ട് സംസ്ഥാനത്ത് പാലക്കാട് നോഡും കൊച്ചി നോഡുമാണ് വികസിപ്പിക്കുന്നത്.<br><br>കൊച്ചി ബാംഗ്ലൂർ വ്യവസായ ഇടനാഴിയുടെ സ്ഥലം ഏറ്റെടുക്കുന്നതിലെ പുരോഗതി സംബന്ധിച്ച വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.<br><br>**1. ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര -1 വില്ലേജിലെ റീസർവേ ബ്ലോക്ക് നം -36 ലെ വിവിധ റീ സർവേ നമ്പരുകളിലായി 120.9403 ഹെക്ടർ (299 ഏക്കർ) ഏറ്റെടുക്കൽ.**<br><br>മുഴുവൻ ഭൂമിയും ഏറ്റെടുത്തിട്ടുണ്ട്.<br><br>**പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവേ ബ്ളോക്ക് 31 ലെ വിവിധ റീ സർവേ നമ്പരുകളിലായി 264.8453 ഹെക്ടർ (654 ഏക്കർ) ഏറ്റെടുക്കൽ.**<br><br>197.0593 ഹെക്ടർ (487 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുണ്ട്.<br><br>**3. പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവേ ബ്ളോക്ക് 31, പുതുശ്ശേരി ഈസ്റ്റ് വില്ലേജിലെ ബ്ളോക്ക് 31 എന്നിവയിലെ വിവിധ റീ സർവേ നമ്പരുകളിലായി 186.5285 ഹെക്ടർ (461 ഏക്കർ) ഏറ്റെടുക്കൽ.** |

| | | | |
|---|---|---|---|
| | | | 142.6048 ഹെക്ടർ (352 ഏക്കർ) ഭൂമിയുടെ 247 അവാർഡുകൾ പാസാക്കിയിട്ടുള്ളതും, ആയതിൽ 123.5316 ഹെക്ടർ (305 ഏക്കർ) ഭൂമി ഏറ്റെടുത്തിട്ടുള്ളതുമാണ്.<br><br>**4. പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവേ ബ്ളോക്ക് 35, പുതുശ്ശേരി വെസ്റ്റ് വില്ലേജിലെ ബ്ളോക്ക് 30 എന്നിവയിലെ വിവിധ റീ സർവേ നമ്പരുകളിലായി 135.3354 ഹെക്ടർ (334 ഏക്കർ) ഏറ്റെടുക്കൽ.**<br><br>2013 ലെ RFCTLARR നിയമത്തിലെ വകുപ്പ് 11(1) പ്രാഥമിക വിജ്ഞാപനം പ്രസിദ്ധപ്പെടുത്തിയിട്ടുള്ളതും ഭൂമിയുടെ അടിസ്ഥാന വില നിർണയം (BVR) നടത്താനുള്ള നടപടികൾ സ്വീകരിച്ച് വരുന്നതുമാണ്.<br><br>**5. ആലത്തൂർ താലൂക്കിലെ കണ്ണമ്പ്ര -1 വില്ലേജിലെ റീസർവേ ബ്ലോക്ക് നം- 36 ലെ വിവിധ റീ സർവേ നമ്പരുകളിലായി 4.7825 ഹെക്ടർ (12 ഏക്കർ) ഏറ്റെടുക്കൽ.**<br><br>പൊന്നും വില നടപടികളുമായി മുന്നോട്ട് പോകാൻ സെക്ഷൻ 8(2) പ്രകാരമുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 11(1) വിജ്ഞാപനം തയ്യാറാക്കി വരുന്നു.<br><br>**6. ദേശിയ പാത- 544 ൽ നിന്നുള്ള പ്രവേശന മാർഗ്ഗത്തിനായി പാലക്കാട് താലൂക്കിലെ പുതുശ്ശേരി സെൻട്രൽ വില്ലേജിലെ റീ സർവേ ബ്ളോക്ക് 31, 34 എന്നിവയിലെ വിവിധ റീ സർവേ നമ്പരുകളിലായി 4.52 ഹെക്ടർ (11 ഏക്കർ) ഏറ്റെടുക്കൽ.**<br><br>പൊന്നും വില നടപടികളുമായി മുന്നോട്ട് പോകാൻ സെക്ഷൻ 8(2) പ്രകാരമുള്ള സർക്കാർ അനുമതി നൽകിയിട്ടുണ്ട്. 11(1) വിജ്ഞാപനം തയ്യാറാക്കി വരുന്നു. |
| (ബി) | പദ്ധതി പ്രവർത്തന സജ്ജമാക്കുന്നതിന് ഭൂമി ഏറ്റെടുത്ത സ്ഥലങ്ങളിൽ അടിസ്ഥാനസൗകര്യ വികസനത്തിനുള്ള പ്രവൃത്തികൾ എപ്പോൾ ആരംഭിക്കാൻ കഴിയുമെന്നാണ് പ്രതീക്ഷിക്കുന്നതെന്ന് വിശദമാക്കാമോ; | (ബി) | ഭൂമി ഏറ്റെടുക്കുന്ന നടപടികൾ പൂർത്തീകരിച്ച ശേഷം ബാധ്യത ഇല്ലാത്ത ഭൂമി, പദ്ധതി നടപ്പിലാക്കുന്നതിനായി രൂപീകരിച്ച പ്രത്യേക ഉദ്ദേശ കമ്പനിയായ (SPV) കേരള ഇൻഡസ്ട്രിയൽ കോറിഡോർ ഡെവലപ്പ്മെന്റ് കോർപ്പറേഷന് കൈമാറുമ്പോൾ പ്രസ്തുത കമ്പനിയാണ് അടിസ്ഥാന സൗകര്യങ്ങൾ വികസിപ്പിക്കുന്നത്. ഇതു സംബന്ധിച്ച് കേന്ദ്ര പരിസ്ഥിതി മന്ത്രാലയത്തിന്റെ പാരിസ്ഥിതിക അനുമതി ഉൾപ്പെടെയുള്ള അനുമതികൾ ലഭിച്ചതിനുശേഷമേ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിക്കാൻ സാധിക്കുകയുള്ളൂ. |
| | | | |

| | | | |
|---|---|---|---|
| (സി) | പദ്ധതിയുടെ ഭാഗമായി ആലുവ ഗിഫ്റ്റ് സിറ്റിക്ക് വേണ്ട ഭൂമി ഏറ്റെടുക്കൽ പൂർത്തിയായിട്ടുണ്ടോ; | (സി) | കൊച്ചി-ബാംഗ്ലൂർ വ്യവസായ ഇടനാഴി വികസിപ്പിക്കുന്നതിന്റെ ഭാഗമായി എറണാകുളം ജില്ലയിലെ അയ്യമ്പുഴയിൽ 358 ഏക്കർ ഭൂമി കണ്ടെത്തി സർവ്വേ നടപടികൾ പൂർത്തീകരിച്ചു കഴിഞ്ഞു. 11(1) വിജ്ഞാപനം പുറപ്പെടുവിച്ച് തുടർനടപടികൾ സ്വീകരിച്ചുവരുന്നു. |
| (ഡി) | കൊച്ചിയിൽ സ്ഥാപിക്കാനുദ്ദേശിക്കുന്ന പെട്രോ കെമിക്കൽ പാർക്കിന്റെ നിർമ്മാണ പ്രവർത്തനങ്ങൾ ആരംഭിച്ചിട്ടുണ്ടോയെന്ന് വ്യക്തമാക്കാമോ? | (ഡി) | കൊച്ചി അമ്പലമുഗളിൽ 481.79 ഏക്കറിൽ സ്ഥാപിക്കുന്ന പെട്രോകെമിക്കൽ പാർക്കിന്റെ അടിസ്ഥാനസൗകര്യ നിർമ്മാണ പ്രവർത്തനങ്ങൾ പുരോഗമിച്ചുവരുന്നു 2024 ഫെബ്രുവരിയിൽ നിർമ്മാണ പ്രവർത്തനങ്ങൾ പൂർത്തീകരിക്കുന്ന രീതിയിലാണ് പദ്ധതി വിഭാവനം ചെയ്തിട്ടുള്ളത്. നിലവിൽ 35 വ്യവസായ സംരംഭകർക്ക് ഭൂമി അലോട്ട് ചെയ്തിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ